പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ ലൈസൻസ്

44 [5885] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിലെ കൊക്കകോള കമ്പനിയുടെ ലൈസൻസ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം റദ്ദ് ചെയ്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ലൈസൻസ് റദ്ദ് ചെയ്തത് സംബന്ധിച്ച് കമ്പനി സർക്കാരിന് അപ്പീൽ റിവിഷൻ നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നാണ് നൽകിയതെന്നും ആയതിൽ എന്തു നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ;

(ഡി) സർക്കാരിന് സമർപ്പിച്ചിട്ടുള്ള അപ്പീൽ/റിവിഷൻ തീർപ്പാക്കുന്നത് തടഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നതിന് നിയമ സാധുതയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) പഞ്ചായത്ത് ലൈസൻസ് റദ്ദ് ചെയ്ത ഉത്തരവിനെതിരെ സർക്കാർ സ്റ്റേ നൽകിയിട്ടുണ്ടോ;

(ജി) കമ്പനിയുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 22-5-2003-ന്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ഉണ്ട്.

(ജി) കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച ആരോപണങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസിൽ യു. ഡി. ക്ലാർക്ക്, ഹെഡ്ക്ലാർക്ക് എന്നിവരുടെ സീനിയോറിറ്റി ലിസ്റ്റ്

45 [5886] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസിൽ യു.ഡി. ക്ലാർക്ക്, ഹെഡ്ക്ലാർക്ക് എന്നിവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള യു.ഡി. ക്ലാർക്ക്, ഹെഡ്ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഹെഡ്ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഏത് ക്രമനമ്പർ വരെയുള്ളവരെയാണ് പഞ്ചായത്ത് സെക്രട്ടറിയായി പ്രൊമോട്ട് ചെയ്തിട്ടുള്ളത്;

(സി) പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകൾക്ക് ഒരേ ശമ്പള സ്കെയിലുകൾ നിലവിലുള്ള സാഹചര്യത്തിൽ ഈ രണ്ട് തസ്തികകളിലേക്കുള്ള പരസ്പര മാറ്റം അനുവദിക്കാമോ;

(ഡി) സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി ഗസറ്റഡ് തസ്തികയാണോ; അല്ലെങ്കിൽ ഗസറ്റഡ് തസ്തികയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകൾക്ക് ഒരേ ശമ്പള സ്കെയിൽ ആയതിനാൽ ഈ രണ്ട് തസ്തികകളിലേക്കുമുള്ള പരസ്പര മാറ്റം അനുവദിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സീനിയോറിറ്റി ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. †

(ബി) ക്രമനമ്പർ 1230 വരെയുള്ളവരെ പഞ്ചായത്ത് സെക്രട്ടറിയായി പ്രൊമോട്ട് ചെയ്തിട്ടുണ്ട്.

(സി) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പ്രൊമോഷൻ തസ്തികയാണ് ജൂനിയർ സൂപ്രണ്ട് തസ്തിക. അതിനാൽ ഈ രണ്ടു തസ്തികകൾ തമ്മിലുള്ള പരസ്പര മാറ്റം അനുവദനീയമല്ല.

(ഡി) അല്ല. ഇപ്പോൾ ആലോചനയിലില്ല.

(ഇ) സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ പ്രൊമോഷൻ തസ്തികയാണ് സീനിയർ സൂപ്രണ്ട് തസ്തിക. അതിനാൽ ഈ രണ്ടു തസ്തികകൾ തമ്മിലുള്ള പരസ്പര മാറ്റം അനുവദനീയമല്ല.

ഗ്രാമപഞ്ചായത്തുകളിലെ ലൈബ്രേറിയൻമാരുടെ പ്രശ്നങ്ങൾ

46 [5887] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണറേറിയം മാത്രം കൈപ്പറ്റി ഗ്രാമപഞ്ചായത്തുകളിൽ ജോലി നോക്കി വരുന്ന ലൈബ്രേറിയൻമാരുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly